സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

അന്തിമ രേഖ

കോട്ടയം ജില്ലയിൽ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും ഭൂമി എറ്റെടുക്കൽ

കോട്ടയം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

അർത്ഥനാധികാരി	ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ
സാങ്കേതിക വിദ്യഭ്യാസ ഡയറക്ടർക്ക് വേണ്ടി സൂപ്രണ്ട്, ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചി, കോട്ടയം	സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), കോട്ടയം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), രാജഗിരി പി.ഒ., കളമശ്ശേരി, പിൻ –683104, ഫോൺ: 0484 2911330–332/2550785

rajagirisia@gmail.com, https://rajagiri.edu

24 സെപ്റ്റംബർ 2025

ഉള്ളടക്കം

അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം.

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം,വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

അദ്ധ്യായം 5: ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ *(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 പദ്ധതി ആഘാത ബാധിതമായേക്കാവുന്ന കച്ചവട സ്ഥാപനങ്ങൾ

അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിതസാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷ

മതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

അദ്ധ്യായം 10 : സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം

നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 ശുപാർശകൾ

പട്ടികകൾ

പട്ടിക നം.	ഉള്ളടക്കം
പട്ടിക 1.3.1	ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ
പട്ടിക 3.1.1.	പഠന സംഘം
പട്ടിക 3.5.1.	പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും
പട്ടിക 5.1.1.	ഭൂവുടമയുടെ വിവരങ്ങളും ഭൂമിയിലെ ആസ്തികളും
പട്ടിക 5.6.1.	പദ്ധതി ബാധിതമാകാൻ സാധ്യതയുള്ള തൊഴിലാളികളുടെ വിവരങ്ങൾ
പട്ടിക 7.6.1.	സാമൂഹ്യപ്രത്യാഘാതങ്ങളും ലഘൂകരണനടപടികളും

ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം, സാമൂഹ്യ സേവന പ്രവർത്തനങ്ങളും, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങളും, പ്രത്യാ ഘാത വിലയിരുത്തൽ പഠനങ്ങളും ചെയ്തുവരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2025 ആഗസ്റ്റ് 06 തീയതിയിലെ നമ്പർ 2875, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കോട്ടയം ജില്ല കലക്ടറുടെ 2025 ജൂലൈ 31 തീയതിയിലെ വിജ്ഞാപനം നമ്പർ DCKTM/2043/2022-G2 പ്രകാരം **ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക്** വേണ്ടി കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപ രിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും** (അദ്ധ്യായം:7) ഉൾപ്പെടുത്തി കൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

ഡോ. (ഫാ) സാജു എം.ഡി
പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)

അദ്ധ്യായം 1

പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ പ്രവർത്തിച്ച് വരുന്ന 39 സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഒന്നായ കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും സ്ഥലവും കെട്ടിടങ്ങളും ഏറ്റെടുക്കുക എന്നതാണ് നിലവിലെ പദ്ധതി. ആയിരത്തി തൊള്ളായിരത്തി എൺപത്തിയഞ്ചിൽ (1985) പ്രവർത്തനം ആരംഭിച്ച കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ കഴിഞ്ഞ 40 വർഷമായി വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെ ഇടുങ്ങിയതും പരിമിത സൗകര്യങ്ങളോട് കൂടിയതുമായ ഈ സ്ഥാപനത്തിലെ കുട്ടികൾക്ക് കളിക്കാൻ ഒരു കളിസ്ഥലം (Play Ground) പോലും ഇല്ല. സ്ഥലവും, കെട്ടിടവുമായി ബന്ധപ്പെട്ട് തന്നെ ന്യൂനതകൾ ഏറെയുണ്ട് എന്നതിനാൽ നിലവിൽ ഇവിടെ അഡ്മിഷൻ എടുക്കുന്നതിന് കുട്ടികൾ അധികം താൽപ്പര്യം കാണിക്കുന്നില്ല.

ടെക്നിക്കൽ ഹൈസ്കൂളുകൾ സമൂഹത്തിൻെറ പുരോഗതിയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. സ്കിൽഡ് തൊഴിലാളികളെ സൃഷ്ടിച്ച് രാജ്യത്തിൻെറ സാമ്പത്തിക പുരോഗതി പ്രൊമോട്ട് ചെയ്യുന്നതിലൂടേയും, വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കി തൊഴിലില്ലായ്മ കുറക്കാൻ സഹായിക്കുന്നതിലൂടേയും സ്വയംതൊഴിൽ സംരംഭങ്ങളെ ത്വരിതപ്പെടുത്തുന്നതിലൂടേയും ടെക്നിക്കൽ ഹൈസ്കൂളുകൾ രാജ്യത്തിൻെറ പുരോഗതിയിൽ ചാലക ശക്തിയായി വർത്തിക്കുന്നു. ടെക്നികൽ ഹൈസ്കൂൾ പഠന ശേഷം പോളി ടെക്നിക് പ്രവേശനത്തിന് 10 ശതമാനം സീറ്റ് സംവരണം ഉള്ളതിനാൽ, കുറിച്ചി ഗവൺമെൻറ് ടെക്നികൽ ഹൈസ്കൂൾ പഠനം പൂർത്തീകരിച്ച ശേഷം വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള കോട്ടയം ജില്ലയിലെ തന്നെ നാട്ടകം ഗവൺമെൻറ് പോളിടെക്നിക് കോളേജ്, കടുത്തുരുത്തി ഗവൺമെൻറ് പോളിടെക്നിക് കോളേജ്, പാലാ ഗവൺമെൻറ് പോളിടെക്നിക് കോളേജ് എന്നിവയിൽ സർക്കാർ മേഖലയിൽ തന്നെ തുടർന്നുള്ള ഉപരിപഠന സാധ്യതകളുണ്ട്.

ആയതിനാൽ ശാസ്ത്ര സാങ്കേതിക മേഖലയിൽ ഭാവിയിൽ ഉണ്ടാകുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന ടെക്നിക്കൽ സ്കൂൾ എന്ന നിലയിലും,

ഒട്ടനവധി വിദ്യാർത്ഥികൾക്ക് അവരുടെ ഭാവി സുരക്ഷിതമാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള സ്ഥാപനം എന്ന നിലയിലും, സമൂഹത്തിന്റെ സമഗ്ര വളർച്ചയ്ക്ക് അടിത്തറ പാകിയ വിദ്യാലയമെന്ന നിലയിലും കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ സംരക്ഷിക്കപ്പെടേണ്ടത് നാടിന്റെ ആവശ്യമാണ്.

1.2 പദ്ധതി പ്രദേശം

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ഉൾപ്പെട്ടതാണ് പദ്ധതിപ്രദേശം. ടി സ്ഥലം ചങ്ങനാശ്ശേരി–കോട്ടയം എം.സി റോഡ് ഹൈവേയിൽ മന്ദിരം കവലക്ക് സമീപത്ത് ഏകദേശം 50 മീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്നു. വെള്ളപ്പൊക്ക ഭീഷണിയോ, മണ്ണിടിച്ചിലോ ഉണ്ടാകാത്ത പൂർണ്ണമായും നിരപ്പായ കരഭൂമിയായ സ്ഥല മാണ് പദ്ധതി പ്രദേശം.

1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വ്യാപ്തിയും സ്വഭാവവും

2025 ആഗസ്റ്റ് 06 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 14, നമ്പർ 2875 ൽ പ്രസിദ്ധപ്പെടുത്തിയ കോട്ടയം ജില്ലാ കളക്ടറുടെ 2025 ജൂലൈ 31 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം നമ്പർ DCKTM/2043/2022-G2, പ്രകാരം ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും ഏകദേശം 0.9860 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശി ക്കുന്നത്. പ്രസ്തുത ഉത്തരവിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1.ൽ നൽകിയിരിക്കുന്നു

പട്ടിക 1.3.1: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

ജില്ല : കോട്ടയം **താലൂക്ക് : ചങ്ങനാശ്ശേരി**

ക്രമ നമ്പർ	വില്ലേജ്	ബ്ലോക്ക്	സർവ്വെ നമ്പർ	ഭൂമിയുടെ തരം	ഏകദേശ വിസ്തീർണ്ണം (ഹെക്ടർ)
1	കുറിച്ചി	1	283/1	പുരയിടം	0.9860
2			283/1-1	പുരയിടം	
ആകെ					**0.9860**

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നാളിതുവരെ ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ആറോളം സ്ഥലങ്ങൾ പല ഘട്ടങ്ങ ളിലായി പരിഗണിക്കുകയും, അടിസ്ഥാന സൗകര്യങ്ങളുടെ പ്രാപ്യത കുറവ് മൂലമോ

മറ്റ് കാരണങ്ങളാലോ മുമ്പ് പരിഗണിച്ചവ നടക്കാതെ പോകുകയും, നിലവിൽ കണ്ടെ ത്തിയ സ്ഥലം എല്ലാ രീതിയിലും സ്കൂളിന് വളരെ അനുയോജ്യമാണെന്ന് മനസ്സിലാ ക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചതെന്ന് അർത്ഥനാധികാരി അറിയിച്ചു.

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും 283/1, 283/1-1 എന്നീ സർവ്വെ നമ്പരുകളിൽ ഷാജി മാത്യു, മനോജ് മാത്യു എന്നിവരുടെ കൂട്ടുടമസ്ഥതയിലുള്ള ഭൂമി, ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി ഏറ്റെടു ക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രധാന പ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

പാലത്ര കൺസ്ട്രക്ഷൻസ് ഉടമകളായ പദ്ധതി ബാധിത ഭൂവുടമകൾക്ക് സ്ഥാപന ത്തിൻെറ സ്ഥലവും മറ്റ് അനുബന്ധ കെട്ടിടങ്ങളും ഉൾക്കൊള്ളുന്ന ഏകദേശം 0.9860 ഹെക്ടർ സ്ഥലം നഷ്ടപ്പെടുന്നതിന് പുറമേ, ഇൻറർലോക്ക് കട്ടകൾ നിർമ്മിക്കുന്നതിനും അത് സൂക്ഷിക്കുന്നതിനും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ജി.ഐ ഷീറ്റ് റൂഫ് കെട്ടിടം, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പ്, പാർക്കിങ്ങ് ഏരിയ, ക്വാളിറ്റി-സിവിൽ-ഇലക്ട്രിക്കൽ സ്റ്റോർ കെട്ടിടം, സെക്യൂരിറ്റി കാബിൻ, ടോയ്ലറ്റ് കെട്ടിടം ഉൾപ്പെടുന്ന ഏകദേശം 2981 സ്ക്വയർ ഫീറ്റ് വരുന്ന രണ്ട് ലേബർ ക്വാർട്ടേഴ്സ്, 4395 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഒരു കാൻറീൻ കെട്ടിടം തുടങ്ങി സ്ഥിരവും താൽക്കാലികവുമായ ഷെഡുകൾ / കെട്ടിടങ്ങൾ, ചുറ്റുമതിൽ, രണ്ട് കിണറു കൾ (open well), തെങ്ങ്, പന, മാവ്, പ്ലാവ്, ബദാം തുടങ്ങിയ മരങ്ങൾ എന്നിവ നിർദ്ദി ഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൻെറ ഭാഗമായി ഭൂവുടമകൾക്ക് നഷ്ടപ്പെ ടുന്നു. കൂടാതെ, 3 വർഷത്തിൽ അധികമായി പദ്ധതി പ്രദേശത്തെ ഓട്ടോമൊബൈൽ, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പുകളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾ, ഇൻറർ ലോക്ക് നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ ഉപജീവന മാർഗ്ഗം, അതുപോലെ ലേബർ ക്വാർട്ടേഴ്സിൽ താമസിച്ച് കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ താമസ സൗകര്യം, ഇവ താൽക്കാലികമായോ, സ്ഥിരമായോ നഷ്ടപ്പെടാനുള്ള സാധ്യത എന്നിവ യും പദ്ധതിയുടെ പ്രത്യാഘാതങ്ങളായി കണക്കാക്കാവുന്നതാണ്.

ഏറ്റെടുക്കുന്ന ഭൂമിയിൽ നിലവിലുള്ളതും എന്നാൽ പദ്ധതിക്കാവശ്യമില്ലാത്തതുമായ താൽക്കാലികമോ, സ്ഥിരമോ ആയിട്ടുള്ള ഷെഡുകൾ / കെട്ടിടങ്ങൾ പൊളിച്ച് മാറ്റുമ്പോൾ ഉണ്ടാകാനിടയുള്ളതും കൂടാതെ നിർമ്മാണമാലിന്യങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്താൽ ഉണ്ടാകുവാനിടയുള്ളതുമായ പാരിസ്ഥിതിക വിഷയങ്ങളും പദ്ധതിയുടെ പ്രത്യാഘാതമായി കാണാവുന്നതാണ്.

1.7. ലഘൂകരണ നടപടികൾ

നിർദ്ദിഷ്ട ഭൂമി വിട്ടുനൽകുന്നതിൽ ഭൂവുടമയ്ക്ക് പൂർണ്ണ സമ്മതമാണ് എന്നതിനാൽ, നിയമാനുസൃതമായ നഷ്ടപരിഹാര നടപടികളിലൂടെ ഭൂവുടമ ഉൾപ്പടെയുള്ള പദ്ധതി ബാധിതർക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടം ലഘൂകരിക്കാവുന്നതാണ്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകുക എന്നതാണ് നിയമാനുസൃതമായ നടപടി. കൂടാതെ പരിസ്ഥിതിയുടെ സുസ്ഥിര നിലനിൽപ്പിനായി പദ്ധതിപ്രദേശത്തെ വൃക്ഷങ്ങൾ കഴിയുന്നത്ര സംരക്ഷിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്നും, വലിയ തോതിലുള്ള നിർമ്മാണ പ്രവർത്തികൾ നടക്കുന്നില്ലെങ്കിലും, നിർമ്മാണ ഘട്ടത്തിലെ (നിലവിലുള്ള ഷെഡുകളും മറ്റും പൊളിച്ച് മാറ്റുന്നതടക്കമുള്ള സമയങ്ങളിലും) മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യണമെന്നും എസ്.ഐ.എ. യൂണിറ്റ് ശുപാർശ ചെയ്യുന്നു.

അദ്ധ്യായം 2
പദ്ധതിയുടെ വിശദവിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ 1985 മുതൽ പ്രവർത്തിച്ച് വരുന്ന കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കഴിഞ്ഞ 40 വർഷമായി വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെ പരിമിത സൗകര്യങ്ങളോട് കൂടിയ ഈ സ്കൂൾ കെട്ടിടത്തിന് ന്യൂനതകൾ ഏറെയുണ്ട് എന്നതിനാൽ നിലവിൽ ഇവിടെ അഡ്മിഷൻ എടുക്കുന്നതിന് കുട്ടികൾ താൽപ്പര്യം കാണിക്കുന്നില്ല. ശാസ്ത്ര സാങ്കേതിക മേഖലയിൽ ഭാവിയിൽ ഉണ്ടാകുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന ടെക്നിക്കൽ സ്കൂൾ എന്ന നിലയിൽ കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ സംരക്ഷിക്കപ്പെടേണ്ടത് നാടിൻെറ ആവശ്യമാണ്. ആയതിനാൽ, ടി സ്കൂളിന് സ്വന്തമായി സ്ഥലവും അതിൽ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ കെട്ടിടവും എന്നത് അടിയന്തിര ആവശ്യമാണ്.

കുറിച്ചി വില്ലേജിൽ, ചങ്ങനാശ്ശേരി കോട്ടയം റോഡിൽ മന്ദിരം കവലക്ക് സമീപത്തായി 2.42 ഏക്കർ സ്ഥലവും, ചുറ്റുമതിലോട് കൂടിയ ടി സ്ഥലത്ത് രണ്ട് നില കോൺക്രീറ്റ് കെട്ടിടവും, ജി.ഐ. ഷീറ്റ് റൂഫ് ചെയ്തിട്ടുള്ളതുമായ ഒരു കെട്ടിടവും കുറിച്ചി സർക്കാർ ടെക്നികൽ ഹൈസ്കൂളിന് അനുയോജ്യമായി കണ്ടെത്തുകയും, ടി സ്ഥലവും കെട്ടിടങ്ങളും സ്കൂളിനായി ഏറ്റെടുക്കുന്നതിന്, 2022-23 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം 2 ലെ (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ) വാല്യം 2 ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളിൽ) നമ്പർ 636 ആയി ഉൾപ്പെടുത്തിയിട്ടുള്ള 'കുറിച്ചി ടെക്നിക്കൽ സ്കൂൾ സ്ഥലമേറ്റെടുപ്പും കെട്ടിട നിർമ്മാണവും' എന്ന പ്രവർത്തിക്ക് (4202-02-103-99 (P) എന്ന ശീർഷകത്തിൽ നിന്നും 6,58,58,000/- (ആറ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അമ്പത്തിയെണ്ണായിരം രൂപ മാത്രം) രൂപക്ക് 10.01.2025 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 59/2025/HEDN പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

നിർദ്ദിഷ്ട പദ്ധതിയുടെ, അതായത് കുറിച്ചി സർക്കാർ ടെക്നികൽ ഹൈസ്കൂളിന് വേണ്ടി കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും സ്ഥലവും

കെട്ടിടങ്ങളും ഏറ്റെടുക്കുക എന്ന പദ്ധതിയുടെ അർത്ഥനാധികാരിയായിട്ടുള്ളത് സൂപ്രണ്ട്, സർക്കാർ ടെക്നിക്കൽ ഹൈസ്ക്കൂൾ, കുറിച്ചിയാണ്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കോട്ടയമാണ്.

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി.

സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹൈസ്കൂളുകൾ സമൂഹത്തിൻെറ പുരോഗതിയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. തൊഴിൽ നൈപുണ്യം നൽകുന്നതിലൂടേയും, സ്കിൽഡ് തൊഴിലാളികളെ സൃഷ്ടിച്ച് രാജ്യത്തിൻെറ സാമ്പത്തിക പുരോഗതി പ്രൊമോട്ട് ചെയ്യുന്നതിലൂടേയും, വൈവിധ്യ കഴിവുകളുള്ള വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കി, അതിലൂടെ രാജ്യത്തെ തൊഴിലില്ലായ്മ കുറക്കുന്നതിലൂടേയും, സ്വയം തൊഴിൽ സംരംഭങ്ങളെ ത്വരിതപ്പെടുത്തുന്നതിലൂടേയും ടെക്നിക്കൽ ഹൈസ്കൂളുകൾ രാജ്യത്തിൻെറ പുരോഗതിയിൽ ചാലക ശക്തിയായി വർത്തിക്കുന്നു.

ടെക്നികൽ ഹൈസ്കൂൾ പഠന ശേഷം പോളി ടെക്നിക് പ്രവേശനത്തിന് 10 ശതമാനം സീറ്റ് സംവരണം ഉള്ളതിനാൽ, കുറിച്ചി ഗവൺമെൻറ് ടെക്നികൽ ഹൈസ്കൂൾ പഠനം പൂർത്തീകരിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള കോട്ടയം ജില്ലയിലെ തന്നെ നാട്ടകം ഗവൺമെൻറ് പോളിടെക്നിക് കോളേജ്, കടുത്തുരുത്തി ഗവൺമെൻറ് പോളിടെക്നിക് കോളേജ്, പാലാ ഗവൺമെൻറ് പോളിടെക്നിക് കോളേജ് എന്നിവയിൽ സർക്കാർ മേഖലയിൽ തന്നെ തുടർന്നുള്ള ഉപരിപഠന സാധ്യത കൂടുതൽ പ്രയോജനം ചെയ്യുന്നതാണ്. ആയതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിൻെറ ഒരു ഒഴിവാക്കാനാകാത്ത ആവശ്യമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ രാജ്യത്തിൻെറ അടിസ്ഥാന ആവശ്യമായി ഇന്ത്യാ ഗവൺമെൻറിൻെറ സാമ്പത്തിക കാര്യവകുപ്പിൻെറ 2012 മാർച്ച് 27 തീയതിയിലെ ഐ.എൻ.എഫ് വിജ്ഞാപനത്തിൽ (നം.13/6/2009) ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ RFCTLARR act 2013 സെക്ഷൻ 2(1) b പ്രകാരം നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

2.3 പദ്ധതിയുടെ സ്ഥലം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ 1985 മുതൽ പ്രവർത്തിച്ച് വരുന്ന ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത് സ്കൂളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക എന്നതാണ് നിലവിലെ പദ്ധതി. പദ്ധതിക്ക് വേണ്ടി ചങ്ങനാശ്ശേരി താലൂക്കിലെ കുറിച്ചി വില്ലേജിൽ നിന്ന് 0.9860 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കുറിച്ചി ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്ഥലം കുറിച്ചി വില്ലേജിലെ ബ്ലോക്ക് നമ്പർ 1 ൽ 283/1, 283/1-1 എന്നീ സർവ്വെ നമ്പരുകളിൽ ഉൾപ്പെടുന്നു. ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി സ്ഥലവും കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിന് 6,58,58000 രൂപയുടെ ചെലവ് കണക്കാക്കി, ടി തുകക്കുള്ള ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ, സ്ഥലത്തിൻെറ ഫെയർ വാല്യുവായി 579,74,400 രൂപയും, കെട്ടിടങ്ങളുടെ വാല്യുവായി 78,83,612 രൂപയും കണക്കാക്കിയിരിക്കുന്നു.

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ആറോളം സ്ഥലങ്ങൾ പല ഘട്ടങ്ങളിലായി പരിഗണിക്കുകയും, അടിസ്ഥാന സൗകര്യങ്ങളുടെ പ്രാപ്യത കുറവ് മൂലമൊ മറ്റ് കാരണങ്ങളാലോ മുമ്പ് പരിഗണിച്ചവ നടക്കാതെ പോകുകയും, നിലവിൽ കണ്ടെത്തിയ സ്ഥലം എല്ലാ രീതിയിലും സ്കൂളിന് വളരെ അനുയോജ്യമാണെന്ന് മനസ്സിലാക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചതെന്ന് അർത്ഥനാധികാരി അറിയിച്ചു.

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി ഒറ്റ ഘട്ടത്തിൽ തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സർക്കാർ നിയോഗിക്കുന്ന ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻെറ മേൽനോട്ടത്തിൽ ഭൂമിയും, സ്കൂളിനാവശ്യമായ വർക്ക് ഷോപ്പ് ഉൾപ്പടെയുള്ള മറ്റ് അനുബന്ധ കെട്ടിടങ്ങളും ഏറ്റെടുത്ത് പ്രവർത്തന സജ്ജമാക്കുന്ന രീതിയിൽ സ്കൂളിനെ ഒരുക്കുകയാണ് പ്രധാന നിർമ്മാണ പ്രവർത്തനം.

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

കുറിച്ചി വില്ലേജിൽ, ചങ്ങനാശ്ശേരി-കോട്ടയം റോഡിൽ മന്ദിരം കവലക്ക് സമീപത്തായി 0.9860 ഹെക്ടർ സ്ഥലവും, ചുറ്റുമതിലോട് കൂടിയ ടി സ്ഥലത്ത് സ്കൂൾ കെട്ടിടം

പ്രവർത്തിക്കുന്നതിനാവശ്യമായ 4394 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള രണ്ട് നില കോൺക്രീറ്റ് കെട്ടിടവും, കൂടാതെ, ടെക്നിക്കൽ സ്കൂളിൻെറ വർക്ക് ഷോപ്പിനാവശ്യമായ 2890 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവും 20 അടി ഉയരവുമുള്ള ജി.ഐ. ഷീറ്റ് റൂഫ് ചെയ്തിട്ടുള്ളതുമായ ഒരു കെട്ടിടവുമാണ് കുറിച്ചി ടെക്നികൽ ഹൈസ്കൂളിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്. കുട്ടികൾക്ക് ഏറ്റവും ആവശ്യമായ കളിസ്ഥലവും ഇവിടെ ഒരുക്കാൻ സാധിക്കുമെന്നാണ് അർത്ഥനാധികാരി പ്രതീക്ഷിക്കുന്നത്. കൂടാതെ, രണ്ട് കിണറുകൾ സ്ഥിതി ചെയ്യുന്നത് സ്കൂളിൻെറ കുടിവെള്ളം ഉൾപ്പടെയുള്ള ജല ആവശ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപതമാണ്.

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

സ്കൂളിന് പാർക്കിങ്ങ് ആവശ്യമാണ് എന്നതിനാൽ, ഏറ്റെടുക്കുന്ന സ്ഥലത്ത് നിലവിലുള്ള പാർക്കിങ്ങ് സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ, കളിസ്ഥലം സ്കൂളിന് ഏറ്റവും ആവശ്യമായ ഒന്നാണ് എന്നതിനാൽ അത് കൂടി ഈ സ്ഥലത്ത് ഒരുക്കാവുന്നതാണ്.

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

ഏറ്റെടുക്കുന്ന സ്ഥലത്ത് തന്നെ സ്കൂളിനും അനുബന്ധ സൗകര്യങ്ങൾക്കും അനുയോജ്യമായ കെട്ടിടങ്ങൾ ഉണ്ട് എന്നതിനാൽ വലിയ തോതിലുള്ള നിർമ്മാണ പ്രവർത്തികൾ പദ്ധതിക്ക് ആവശ്യമായി വരുന്നില്ല. എങ്കിലും നിലവിൽ ഇൻറർലോക്ക് നിർമ്മാണ കെട്ടിടം ഉൾപ്പടെ പല താൽക്കാലികമോ, സ്ഥിരമോ ആയിട്ടുള്ള കെട്ടിടങ്ങൾ ഏറ്റെടുക്കുന്ന സ്ഥലത്തുള്ളതിനാൽ, ആവശ്യമില്ലാത്ത കെട്ടിടങ്ങൾ പോളിച്ച് സ്കൂൾ പ്രവർത്തനക്ഷമമാക്കുന്ന രീതിയിൽ സ്ഥലം ഒരുക്കേണ്ടി വരും. അതിന് വേണ്ട തൊഴിൽ ശക്തിയെ കുറിച്ച് അർത്ഥനാധികാരിയിൽ നിന്ന് വിവരം ലഭ്യമായിട്ടില്ല. മാത്രമല്ല., അത്തരം പ്രവൃത്തികൾക്കുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതായും കാണുന്നില്ല.

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്. പദ്ധതിക്ക് വേണ്ടി മറ്റ് പഠനങ്ങൾ നടന്നതായ വിവരങ്ങൾ ലഭ്യമല്ല.

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനസ്ഥാപനം, എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017) തീയതിയിലെ G.O(MS No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം.
- വിവരാവകാശ നിയമം 2005

അദ്ധ്യായം 3

പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ഏകദേശം 0.9860 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിക്ക് വേണ്ടി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരിയെ ചുമതലപ്പെടുത്തിക്കൊണ്ട് കോട്ടയം ജില്ലാ കളക്ടറുടെ 2025 ജൂലൈ 31 തീയതിയിലെ വിജ്ഞാപനം നമ്പർ DCKTM/2043/2022-G2, 2025 ആഗസ്റ്റ് 06-ാം തീയതിയിലെ വാല്യം 14, നമ്പർ 2875 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ അദ്ധ്യക്ഷനായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണോമസ്), കളമശ്ശേരി പ്രിൻസിപ്പാലിൻെറ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 8 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1. പഠന സംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത പദവി	പ്രവർത്തന പരിചയം
1	ഡോ. ഫാ.സാജു എം. ഡി	എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി.. ചെയർപേഴ്സൺ	അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം
2	ഡോ:ബിനോയ് ജോസഫ്	എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം
3	ഡോ. ഫാ. ഷിൻേറാ ജോസഫ്	എം.എസ്.ഡബ്ല്യൂ, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ്	അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം
4	മീന കുരുവിള	എം.എസ്.ഡബ്ല്യൂ, കൺസൾട്ടൻറ്	വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം
5	ബിജു സി.പി.	ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം
6	വിനയൻ വി എസ്സ്	എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ്	വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം
7	വർഗ്ഗീസ് കെ.ഒ	ഇൻവെസ്റ്റിഗേറ്റർ	വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം
8	ബിൽബിൻ കെ വിത്സൺ	ബി.എസ്.സി ഫിസിക്സ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ	4 വർഷത്തെ പ്രവർത്തനപരിചയം

3.2 സാമൂഹ്യ പ്രത്യാഘാത പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണം നടത്തിയ മാർഗത്തെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും

പദ്ധതി മൂലം കുടുംബത്തിനും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബത്തിൻെറ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങ ളാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി മനോജ് മാത്യു, ഷാജി മാത്യു, എന്നിവരുടെ കൂട്ടുടമസ്ഥതയിലുള്ളതാണ്. ആയതിനാൽ പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതമാകുന്ന ഭൂമിയുടെ ഉടമ കളുമായി പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തിയുമാണ് പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറി

ച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമൂഹിക– സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും ഉടമയുടെ അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ സൂപ്രണ്ട്, ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചി, കോട്ടയം കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), കോട്ടയം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പദ്ധതി ബാധിത ഭൂവുടമകളുമായും മറ്റ് വ്യക്തികളുമായും അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത ഭൂവുടമകൾക്കും, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിത ഭൂവുടമകളോ, ജനപ്രതിനിധി കളോ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

ആകെ രണ്ട് കുടുംബങ്ങൾ മാത്രമാണ് പദ്ധതി ബാധിതമാകുന്നത് എന്നതിനാൽ തന്നെ മാതൃകാ പരിശോധനാ രീതിക്ക് ഇവിടെ പ്രസക്തിയില്ല.

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറി ച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, ഭൂവുടമയെ നേരിൽ കണ്ട് പ്രത്യേകം തയ്യാറാക്കിയ

ചോദ്യാവലി ഉപയോഗിച്ച് നടത്തിയ അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമൂഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബത്തിനുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

3.5 തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം
- ❖ പദ്ധതിബാധിത ഉടമകളുമായി അഭിമുഖം
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- ❖ പബ്ലിക് ഹിയറിങ്ങ്
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

പബ്ലിക് ഹിയറിങ്ങ്

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ കോട്ടയം ജില്ലയിൽ 1985 മുതൽ പ്രവർത്തിച്ച് വരുന്ന ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്ന് ഏകദേശം 0.9860 ഹെക്ടർ സ്ഥലം ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 18.09.2025 തീയതി വ്യാഴാഴ്ച പാലാത്ര കൺസ്ട്രക്ഷൻസ് ഓഫീസ് ഹാളിൽ വച്ച് പബ്ലിക് ഹിയറിങ്ങ് നടത്തി.

പകൽ 11.00 ന് മൗന പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, എസ്.ഐ.എ കോർഡിനേറ്റർ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിക്കുകയും, ശ്രീമതി. മീന കുരുവിള, കൺസൽട്ടൻറ്, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും, പബ്ലിക് ഹിയറിങ്ങിൻെറ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു.

ശ്രീ.ബിജു സി.പി, എസ്.ഐ.എ കോർഡിനേറ്റർ

ശ്രീമതി. മീന കുരുവിള, കൺസൽട്ടൻറ്, SIA, രാജഗിരി കോളേജ്

ശ്രീ. കെ.ആർ ഷാജി, വൈസ് പ്രസിഡൻറ്, കുറിച്ചി ഗ്രാമ പഞ്ചായത്ത്, പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ പദ്ധതിയുടെ പ്രാധാന്യത്തെ കുറിച്ചും, പദ്ധതിക്ക് വേണ്ടി ബഹു: എം.എൽ.എ നടത്തികൊണ്ടിരിക്കുന്ന നിരന്തര പരിശ്രമങ്ങളെ കുറിച്ചും, സ്കൂളിന് വേണ്ടി സ്ഥലം വിട്ട് നൽകാൻ തയ്യാറായ പാലാത്ര കൺസ്ട്രക്ഷൻസ് സ്ഥാപന ഉടമകൾക്ക് നാടിൻെറ വികസന പ്രവർത്തനങ്ങ ളിലുള്ള പങ്കാളിത്തത്തെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

ശ്രീ. കെ.ആർ ഷാജി, വൈസ് പ്രസിഡൻറ്, കുറിച്ചി ഗ്രാമ പഞ്ചായത്ത് ....

പദ്ധതി ബാധിത പ്രദേശത്തെ വാർഡ് മെമ്പർ ശ്രീമതി. സിന്ദു സജി, കുറിച്ചി ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ.പ്രശാന്ത് മാനന്താനം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ശ്രീമതി. സിന്ധു സജി, വാർഡ് മെമ്പർ 3, കുറിച്ചി ഗ്രാമ പഞ്ചായത്ത്

ശ്രീ. പ്രശാന്ത് മാനന്താനം, കുറിച്ചി ഗ്രാമ പഞ്ചായത്ത്

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു.

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്

പദ്ധതി ബാധിത ഭൂവുടമ ശ്രീ.മനോജ് മാത്യു, പാലാത്ര ഹൗസ്, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടും നഷ്ടപരിഹാര നടപടികളുമായി ബന്ധപ്പെട്ടും അദ്ദേഹത്തിൻെറ ആശങ്കകൾ പങ്കുവച്ചു.

ശ്രീ.മനോജ് മാത്യു, പദ്ധതി ബാധിത ഭൂവുടമ

തുടർന്ന്, അർത്ഥനാധികാരിക്ക് വേണ്ടി ഗവൺമെൻറ് ടെക്നികൽ ഹൈസ്കൂൾ സൂപ്രണ്ട് ഇൻ ചാർജ് ശ്രീ ഗിരീഷ്കുമാർ ബി.സി സംസാരിച്ചു. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ ഓഫീസിൽ നിന്നും പങ്കെടുത്ത ശ്രീ. അരുൺ എം. ഡെപ്യൂട്ടി തഹസിൽദാർ, ഭൂമി ഏറ്റെടുക്കൽ നടപടികളെ കുറിച്ചും, നഷ്ടപരിഹാര തുക കണക്കാക്കുന്ന രീതിയെ കുറിച്ചും വിശദീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് പദ്ധതി ബാധിത ഭൂവുടമ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. കുറിച്ചി ഗവൺമെൻറ് ടെക്നികൽ ഹൈസ്കൂളിൽ നിന്നും ശ്രീ. മുഹമ്മദ് കുഞ്ഞ് പി. എസ് കുറിച്ചി വില്ലേജ് ഓഫീസർ ശ്രീ.സുജിത് പി.കെ എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

ഗവൺമെൻറ് ടെക്നികൽ ഹൈസ്കൂൾ സൂപ്രണ്ട് ശ്രീ ഗിരീഷ്കുമാർ ബി.സി

ശ്രീ. അരുൺ എം. ഡെപ്യൂട്ടി തഹസിൽദാർ

യോഗത്തിൽ പങ്കെടുത്ത ഭൂവുടമയും ജനപ്രതിനിധികളും ഉൾപ്പെടെ എല്ലാവരും തന്നെ ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാര നടപടികളും വേഗത്തിലാക്കി ടെക്നികൽ ഹൈസ്കൂളിൻെറ പ്രവർത്തനം പുതിയ സ്ഥലത്തേക്ക് മാറ്റണമെന്ന അഭിപ്രായമാണ് മുന്നോട്ട് വച്ചത്. വസ്തു വിൽക്കുമ്പോൾ ലഭിക്കുന്ന കാപ്പിറ്റൽ ഗെയിനിന് വലിയ ടാക്സ് നൽകേണ്ടി വരുമോ, ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതാമസമുണ്ടാകുമോ തുടങ്ങിയ ആശങ്കകൾ പദ്ധതി ബാധിത ഭൂവുടമ പങ്കുവക്കുകയുണ്ടായി.. പാലാത്ര കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് പദ്ധതിക്കായി വിട്ട് നൽകുന്നതെന്നും, സ്കൂളിന് വേണ്ടിയാണ് നൽകുന്നത് എന്നതിൽ സന്തോഷമുണ്ടെങ്കിലും മാന്യമായ നഷ്ടപരിഹാരം ഭൂമിക്കും കെട്ടിടങ്ങൾക്കും പ്രതീക്ഷിക്കുന്നതായി അദ്ദേഹം അറിയിച്ചു. ഭൂവുടമ ഉന്നയിച്ച എല്ലാ ആശങ്കകൾക്കും സംശയങ്ങൾക്കും സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ നിന്ന് പങ്കെടുത്ത ഡെപ്യൂട്ടി തഹസിൽദാർ മറുപടി നൽകി. ഗവൺമെൻറിൽ നിന്ന് ലഭിക്കുന്ന നഷ്ട പരിഹാര തുക 100 ശതമാനം ടാക്സ് ഫ്രീ ആയിരിക്കുമെന്നും, ഭൂമിക്കും, കെട്ടിടങ്ങൾക്കും, കൂടാതെ ജീവനക്കാരുടെ തൊഴിൽ നഷ്ടമുൾപ്പടെയുള്ള നഷ്ടപരിഹാര തുകയിൽ ആശങ്കപ്പെടേണ്ടതില്ലെന്നും, RFCTLARR Act 2013 പ്രകാരം മാന്യമായ നഷ്ട പരിഹാരം തന്നെ പദ്ധതി ബാധിതർക്ക് ലഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ശ്രീ.വർഗ്ഗീസ് കെ.ഒ, രാജഗിരി കോളേജ്

ശ്രീ.വർഗ്ഗീസ് കെ.ഒ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു. യോഗം കൃത്യം 12.45 pm ന് അവസാനിച്ചു.

പട്ടിക 3.5.1: 18.09.2025 തീയതി പാലാത്ര കൺസ്ട്രക്ഷൻസ് ഓഫീസ് ഹാളിൽ വച്ച് നടന്ന പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും

ക്രമ നമ്പർ	ചോദ്യകർത്താവിൻെറ പേര്	ചോദ്യം/ആശങ്ക	ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി
1	മനോജ് മാത്യു, പാലാത്ര ഹൗസ്, തുരുത്തി പി.ഒ	സർക്കാരിൽ നിന്ന് വസ്തുവിന് നഷ്ട പരിഹാരം ലഭിക്കുമ്പോൾ ഉണ്ടാകുന്ന കാപ്പിറ്റൽ ഗെയ്നിന് വലിയൊരു തുക ടാക്സ് നൽകേണ്ടി വരും എന്ന ആശങ്കയുണ്ട്. വർക്ക്ഷോപ്പ് ഉൾപ്പടെ പദ്ധതിബാധിത മാകുന്ന കെട്ടിടങ്ങളിൽ തൊഴിൽ ചെയ്തു കൊണ്ടി രിക്കുന്ന സ്കിൽഡ് ലേബേഴ്സ് ഉൾപ്പടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും. കെട്ടിടങ്ങൾക്ക് പോതുമരാമത്ത് വകുപ്പ് ശരിയായ വിലയിട്ടിട്ടുണ്ടൊ എന്ന് സംശയമുണ്ട്. പാലാത്ര കൺസ് ട്രക്ഷൻസിൻെറ വണ്ടികൾ സർവ്വീസ് ചെയ്യുന്ന സർവ്വീസ് സ്റ്റേഷനും ബാധിക്കപ്പെടുന്നുണ്ട്. അത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.	വസ്തുവിന് ലഭിക്കുന്ന നഷ്ട പരിഹാരം 100 ശതമാനം ടാക്സ് ഫ്രീ ആയിരിക്കും. ലഭിക്കുന്ന തുകക്ക് ടാക്സ് കൊടുക്കേണ്ടി വരില്ല. തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് RR പാക്കേജ് ഉണ്ടായിരിക്കും. ബാധിക്കപ്പെടുന്ന രുടെ വിവരങ്ങൾ SIA പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തു കയും, പിന്നീട് സ്പെഷ്യൽ തഹസിൽദാർ എൽ.എ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഇതുമായി ബന്ധപ്പെട്ട് ശേഖരിക്കുന്ന വിവരങ്ങളും, തുടർന്ന് എൽ.എ ഡെപ്യൂട്ടി കളക്ടർ സംഘടിപ്പിക്കുന്ന ഹിയറിങ്ങിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളും പരിശോധിച്ച്, അതിൻെറ അടിസ്ഥാനത്തിൽ ലാൻറ് റവന്യു കമ്മീഷണർ തൊഴിൽ ബാധിക്കപ്പെടുന്നവർ ക്ക് നിയമ പ്രകാരമുള്ള നഷ്ട പരിഹാരം കണക്കാക്കുന്നതാണ്. നിയമ പ്രകാരമുള്ള നഷ്ട പരിഹാരം തന്നെ കെട്ടിടങ്ങൾക്ക് ലഭിക്കുന്നതാണ്. കെട്ടിടങ്ങളുടെ വിലയിൽ ആശങ്കപ്പെടേണ്ടതില്ല. അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണ്.

		പാലാത്ര കൺസ്ട്രക്ഷൻസിൻെറ ഓഫീസ് ഉൾപ്പടെ വിവിധ പ്രവർത്തനങ്ങൾ ഒറ്റ കോമ്പൗണ്ടിൽ ഉൾക്കൊള്ളുന്ന സ്ഥാപനത്തിൻെറ വരുമാന മാർഗ്ഗമായ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് നഷ്ടപ്പെടുന്നത് അത് പരിഗണിച്ച് കൊണ്ടുള്ള നഷ്ട പരിഹാരം നൽകണം. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നഷ്ട പരിഹാരം ലഭിക്കുന്നതിന് കാല താമസം ഉണ്ടാകുമൊ?	RFCTLARR Act 2013 പ്രകാരമുള്ള ന്യായമായ നഷ്ട പരിഹാരം നൽകുന്നതാണ്. ഒരു പ്ലോട്ട് മാത്രമെ ഉള്ളു എന്നതിനാൽ സർവെക്കും മറ്റും കാലതാമസം നേരിടുകയില്ല. വില നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള ഡോക്യുമെൻറ് കളക്ഷന് മാത്രമാണ് ചെറിയ താമസമുണ്ടാകുന്നത്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കാനാകുമെന്നാണ് കരുതുന്നത്.

അദ്ധ്യായം 4

സ്ഥലത്തിൻെറ മൂല്യനിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ ഉൾപ്പെടുന്ന 16.22 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു പഞ്ചായത്താണ് കുറിച്ചി ഗ്രാമ പഞ്ചായത്ത്. പണ്ട് കാലങ്ങളിൽ ജലഗതാഗതം സാർവത്രികമായിരുന്ന ഇവിടെ കല്ലുപുരക്കൽ കടവ്, കുറിച്ചി പള്ളിക്കടവ്, കല്ലുകടവ് തുടങ്ങി നിരവധി കടവുകൾ നിലനിന്നിരുന്നു. ആലപ്പുഴ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലേക്ക് സർവ്വീസ് നടത്തുന്ന രണ്ട് യാത്രാ ബോട്ടുകൾ പഞ്ചായത്തിലൂടെ കടന്ന് പോകുന്നുണ്ട്. M.C റോഡാണ് പഞ്ചായത്തിലേക്കുള്ള പ്രധാന സംസ്ഥാന പാത.

കുറിച്ചി ഗ്രാമ പഞ്ചായത്തിൽ ചങ്ങനാശ്ശേരി – കോട്ടയം M.C റോഡിൽ മന്ദിരം കവലക്ക് സമീപത്തായി റോഡിൽ നിന്ന് ഏകദേശം 50 മീറ്റർ ദൂരത്തിലായാണ് കുറിച്ചി ഗവ. ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ഇപ്പോൾ കണ്ടെത്തിയിട്ടുള്ള പദ്ധതി പ്രദേശം. വെള്ളപ്പൊക്ക ഭീഷണിയോ, മണ്ണിടിച്ചലോ ഉണ്ടാകാത്ത പൂർണ്ണമായും നിരപ്പായ കരഭൂമി യായ സ്ഥലമാണ് ഇത്. സ്കൂളിന് ആവശ്യത്തിന് വെള്ളം ലഭിക്കുന്നതിനായി ഉപയോഗ ത്തിലുള്ള രണ്ട് കിണറുകളും പദ്ധതി പ്രദേശത്തുണ്ട്. പൂർണ്ണമായും ചുറ്റുമതിലോട് കൂടിയതും നിരപ്പായ സ്ഥലവുമായതിനാൽ കുട്ടികൾക്ക് വേണ്ട കളിസ്ഥലം ഇതിൽ നിന്ന് കണ്ടെത്താവുന്നതാണ്. ടെക്നികൽ സ്കൂളുകൾ ഹയർ സെക്കണ്ടറിയായി അപ്ഗ്രേഡ് ചെയ്യുകയാണെങ്കിൽ അതിനാവശ്യമായ ഭൗതിക സാഹചര്യം ഉള്ള സ്ഥലമാ ണിത്. കൂടാതെ, സ്കൂളിന് 150 മീറ്റർ ചുറ്റളവിൽ സചിവോത്തമപുരം സി.എച്ച്.സി നാഷണലൈസ്ഡ് ബാങ്ക്, പോസ്റ്റോഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇതിനെല്ലാമു പരി, ക്ലാസ് മുറികൾ, ഓഫീസ്റൂം, കാൻറീൻ, വർക്ക് ഷോപ്പ്, ടോയ്ലെറ്റ് തുടങ്ങി സ്കൂളിനാവശ്യമായ പ്രധാന കെട്ടിട സൗകര്യങ്ങളും പദ്ധതി പ്രദേശത്തുണ്ട്. എം.സി റോഡിൽ മന്ദിരം കവലക്ക് സമീപം ഹൈസ്കൂൾ വരുമ്പോൾ വിദ്യാർത്ഥികൾക്ക് എളുപ്പം എത്തിച്ചേരാൻ സാധിക്കുമെന്നതും ഒരു പ്രധാന ഘടകമാണ്. ആയതിനാൽ, സ്കൂൾ പ്രവർത്തിക്കുന്നതിന് ഈ പ്രദേശം ഏറ്റവും അനുയോജ്യമാണ്.

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിലെ കുറിച്ചി വില്ലേജിൽ നിന്നും 283/1, 283/1-1 എന്നീ സർവ്വെ നമ്പരുകളിൽ ഷാജി മാത്യു, മനോജ് മാത്യു എന്നിവരുടെ കൂട്ടുടമസ്ഥതയിലുള്ള ഭൂമി, ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

പാലാത്ര കൺസ്ട്രക്ഷൻസ് ഉടമകളായ പദ്ധതി ബാധിത ഭൂവുടമകൾക്ക് സ്ഥാപനത്തിൻെറ സ്ഥലവും മറ്റ് അനുബന്ധ കെട്ടിടങ്ങളും ഉൾക്കൊള്ളുന്ന ഏകദേശം 0.9860 ഹെക്ടർ സ്ഥലം നഷ്ടപ്പെടുന്നതിന് പുറമെ, ഇൻറർലോക്ക് കട്ടകൾ നിർമ്മിക്കുന്നതിനും അത് സൂക്ഷിക്കുന്നതിനും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ജി.ഐ ഷീറ്റ് റൂഫ് കെട്ടിടം, ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പ്, പാർക്കിങ്ങ് ഏരിയ, ക്വാളിറ്റി-സിവിൽ-ഇലക്ട്രിക്കൽ സ്റ്റോർ കെട്ടിടം, സെക്യൂരിറ്റി കാബിൻ, ടോയ്‌ലറ്റ് കെട്ടിടം ഉൾപ്പെടുന്ന ഏകദേശം 2981 സ്ക്വയർ ഫീറ്റ് വരുന്ന രണ്ട് ലേബർ ക്വാർട്ടേഴ്സ്, 4395 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഒരു കാൻറീൻ കെട്ടിടം തുടങ്ങി സ്ഥിരവും താൽക്കാലികവുമായ ഷെഡുകൾ / കെട്ടിടങ്ങൾ, ചുറ്റുമതിൽ, രണ്ട് കിണറുകൾ (open well), തെങ്ങ്, പന, മാവ്, പ്ലാവ്, ബദാം തുടങ്ങിയ മരങ്ങൾ എന്നിവ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൻെറ ഭാഗമായി ഭൂവുടമകൾക്ക് നഷ്ടപ്പെടുന്നു. കൂടാതെ, 3 വർഷത്തിൽ അധികമായി പദ്ധതി പ്രദേശത്തെ ഓട്ടോമൊബൈൽ, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പുകളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾ, ഇൻറർലോക്ക് നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ ഉപജീവന മാർഗ്ഗം, അതുപോലെ ലേബർ ക്വാർട്ടേഴ്സിൽ താമസിച്ച് കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ താമസ സൗകര്യം, ഇവ താൽക്കാലികമായൊ, സ്ഥിരമായോ നഷ്ടപ്പെടാനുള്ള സാധ്യത എന്നിവയും പദ്ധതിയുടെ പ്രത്യാഘാതങ്ങളായി കണക്കാക്കാവുന്നതാണ്.

ഏറ്റെടുക്കുന്ന ഭൂമിയിൽ നിലവിലുള്ളതും എന്നാൽ പദ്ധതിക്കാവശ്യമില്ലാത്തതുമായ താൽക്കാലികമോ, സ്ഥിരമോ ആയിട്ടുള്ള ഷെഡുകൾ / കെട്ടിടങ്ങൾ പൊളിച്ച് മാറ്റുമ്പോൾ ഉണ്ടാകാനിടയുള്ളതും കൂടാതെ നിർമ്മാണമാലിന്യങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്താൽ ഉണ്ടാകുവാനിടയുള്ളതുമായ പാരിസ്ഥിതിക വിഷയങ്ങളും പദ്ധതിയുടെ പ്രത്യാഘാതമായി കാണാവുന്നതാണ്.

ഏറ്റെടുക്കുന്ന പ്രദേശത്തിനപ്പുറത്തേക്ക് മൊത്തത്തിൽ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയില്ലെന്ന് പഠന സംഘം വിലയിരുത്തുന്നു.

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

കുറിച്ചി വില്ലേജിൽ അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ വേണ്ടിയാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ. പദ്ധതിയുടെ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രത്തിൽ 0.968 ഹെക്ടർ (കോട്ടയം ജില്ലാ കളക്ടറുടെ 4 (1) വിജ്ഞാപനത്തിൽ 0.9860 ഹെക്ടർ എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്) സ്ഥലമാണ് ഏറ്റെടുക്കുവാൻ ലഭ്യമായിട്ടുള്ളതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പൊതു വിനിയോഗത്തിലുള്ള സ്ഥലം ഇല്ല.

4.5 പദ്ധതിക്കുവേണ്ടി നിലവിൽ വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിട്ടുള്ളതോ ആയ ഭൂമി, പദ്ധതിയ്ക്കാവശ്യമായ ഓരോ ഭൂഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

ഏറ്റെടുക്കുന്ന സ്ഥലം ചങ്ങനാശ്ശേരി – കോട്ടയം എം.സി റോഡിന് സമീപത്താണ് എന്നതിനാൽ തന്നെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണ്. സ്കൂളിന് 150 മീറ്റർ ചുറ്റളവിൽ നാഷണലൈസ്ഡ് ബാങ്ക്, പോസ്റ്റോഫീസ് എന്നിവ പ്രവർത്തിക്കുന്നുണ്ട്.

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ തരം പുരയിടം വിഭാഗത്തിൽ പെടുന്നു. നിലവിൽ പാലാത്ര കൺസ്ട്രക്ഷൻസിൻെറ ഓഫീസ്, ലേബർ ക്വാർട്ടേഴ്സുകൾ, കാൻറീൻ, ഓട്ടോമൊബൈൽ & എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പുകൾ, ഇൻെറർലോക്ക്

കട്ടകളുടെ പ്രൊഡക്ഷൻ & സ്റ്റോറേജ് യൂണിറ്റ്, പാർക്കിങ്ങ് ഏരിയ, തുടങ്ങി താൽക്കാലികവും സ്ഥിരവുമായ കെട്ടിടങ്ങൾ, തെങ്ങ്, മാവ്, പ്ലാവ്, ബദാം, പന, മറ്റ് ചെറുമരങ്ങൾ എന്നിവ നിൽക്കുന്ന സ്ഥലമാണ്. ഉപയോഗയോഗ്യമായ രണ്ട് കിണറുകൾ (open well) ഉണ്ട് എന്നതിനാൽ വെള്ളത്തിനും ബുദ്ധിമുട്ടില്ല.

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

കുറിച്ചി വില്ലേജിൽ നിന്നും 283/1, 283/1-1 എന്നീ സർവ്വെ നമ്പരുകളിൽ ഷാജി മാത്യു, മനോജ് മാത്യു എന്നിവരുടെ കൂട്ടുടമസ്ഥതയിലുള്ള 1.098 ഹെക്ടർ ഭൂമിയിൽ നിന്ന് ഏകദേശം 0.9860 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി പാലാത്ര കൺസ്ട്രക്ഷൻസിൻെറ ഓഫീസും, ലേബർ ക്വാർട്ടേഴ്സുകളും, മറ്റ് അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനായി ഏകദേശം 15 വർഷങ്ങൾക്ക് മുമ്പ് വാങ്ങിയതാണ്. നിലവിൽ അവിടത്തെ രണ്ട് ലേബർ ക്വാർട്ടേഴ്സുകളിൽ ശരാശരി 5-10 തൊഴിലാളികളാണ് (അതിഥി തൊഴിലാളികൾ ഉൾപ്പടെ) സ്ഥിരമായോ, താൽക്കാലികമായോ താമസിക്കുന്നത്.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂമിയിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിന് വേണ്ടി ഏകദേശം 0.9860 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെയും ഉപജീവനത്തിനായി ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെയും പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും, താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണാവുന്നതാണ്.

പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായിട്ടുള്ള ഭൂവുടമകൾ പാലാത്ര ശ്രീ മാത്യു മക്കളായ ശ്രീ മനോജ് മാത്യു, ശ്രീ ഷാജി മാത്യു എന്നിവരാണ്. ഇവരുടെ കൂട്ടുടമസ്ഥതയിലുള്ള സ്ഥലമാണ് ആഘാത ബാധിതമാകുന്നത്. പാലാത്ര കൺസ്ട്രക്ഷൻസിൻെറ ഓഫീസും, ലേബർ ക്വാർട്ടേഴ്സുകളും, മറ്റ് അനുബന്ധ കെട്ടിടങ്ങളും പ്രവർത്തിക്കുന്നതിനായാണ് ടി സ്ഥലം നിലവിൽ ഉപയോഗിച്ചു വരുന്നത്. ഭൂവുടമകളുടെ വിലാസവും ഫോൺ നമ്പരും താഴെ നൽകുന്നു.

പട്ടിക 5.1.1. ഭൂവുടമയുടെ വിവരങ്ങളും, പ്രത്യാഘാതവും

ക്രമ നം.	പേരും വിലാസവും ഫോൺ നമ്പരും	സർവ്വെ നമ്പർ	പ്രത്യാഘാതം
1	മനോജ് മാത്യു S/O മാത്യു പാലാത്ര, തുരുത്തി പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം, 9645205080	283/1, 283/1-1	▪ ഏകദേശം 0.9860 ഹെക്ടർ സ്ഥലം ▪ ചുറ്റുമതിൽ ▪ ഇൻറർലോക്ക് കട്ടകൾ നിർമ്മിക്കുന്നതിനും സൂക്ഷിക്കുന്നതിനും
2	ഷാജി മാത്യു S/O മാത്യു		

	പാലാത്ര, തുരുത്തി പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം, 9447749292		ഉപയോഗിച്ച് വരുന്ന ജി.ഐ ഷീറ്റ് റൂഫ് കെട്ടിടം ▪ ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, ▪ എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പ്, ▪ പാർക്കിങ്ങ് ഏരിയ ▪ ക്വാളിറ്റി-സിവിൽ- ഇലക്ട്രിക്കൽ സ്റ്റോർ കെട്ടിടം, ▪ സെക്യൂരിറ്റി കാബിൻ, ▪ ടോയ്ലറ്റ് കെട്ടിടം ഉൾപ്പെടുന്ന ഏകദേശം 2981 സ്ക്വയർ ഫീറ്റ് വരുന്ന രണ്ട് ലേബർ ക്വാർട്ടേഴ്സ്, ▪ 4395 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഒരു കാൻറീൻ കെട്ടിടം ▪ രണ്ട് കിണറുകൾ (open well) ▪ തെങ്ങ്, പന, മാവ്, പ്ലാവ്, ബദാം തുടങ്ങി ചെറുതും വലുതുമായ ഏകദേശം 57 മരങ്ങൾ

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

5.3 പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശ ത്തില്ല

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതിയിലൂടെ ലഭിച്ച സ്ഥലങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ക്വാർട്ടേഴ്സിൽ താമസിക്കുന്ന തൊഴിലാളികളല്ലാതെ, 3 വർഷത്തിൽ അധികമായി പ്രദേശത്ത് കുടുംബങ്ങൾ ഒന്നും താമസിക്കുന്നില്ല.

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്തെ ഓട്ടോമൊബൈൽ, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പുകളിൽ 3 വർഷത്തിൽ അധികമായി ജോലി ചെയ്യുവരുന്ന 4 തൊഴിലാളികൾ, ഇൻറർലോക്ക് നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ ഉപജീവന മാർഗ്ഗം, താൽക്കാലികമായോ, സ്ഥിരമായോ നഷ്ടപ്പെടാനുള്ള സാധ്യത.

പട്ടിക 5.6.1. പദ്ധതി ബാധിതമാകാൻ സാധ്യതയുള്ള തൊഴിലാളികളുടെ വിവരങ്ങൾ

(പാലാത്ര കൺസ്ട്രക്ഷൻസ് സ്ഥാപനത്തിൽ നിന്നും ലഭ്യമായത്)

ക്രമ നമ്പർ	തൊഴിലാളികളുടെ പേര്	പദവി	ഫോൺ നമ്പർ	ജോലിയിൽ ചേർന്നത്	പ്രവൃത്തി പരിചയം	മാസ ശമ്പളം
1.	ജോസ്കുട്ടി സി.വി.	സുപ്പർവൈസർ- ഇൻറർലോക്ക്	9645205129	25-11-2008	16.8	28,000
2.	ലൈജു തോമസ്	സെക്യൂരിറ്റി	9744802673	29-06-2016	9.2	20,000
3.	വിപിൻ കുമാർ പി.എം.	സെക്യൂരിറ്റി	9747923803	22-04-2022	3.4	14,000
4.	ടിജോ കെ.തോമസ്	ഇലക്ട്രിഷൻ കം പ്ലംബർ	9645205024	23-11-2015	9.8	35,000
5.	ജോഷി സക്കറിയ	ക്വാളിറ്റിമാനേജർ	9645205071	21-12-1993	31.8	52,500
6.	തങ്കച്ചൻ കെ.കെ.	സ്റ്റോർ കീപ്പർ	9645205128	15-05-2017	8.4	24,000
7.	രാജി മോൾ സി.ആർ	ഓഫീസ് അസിസ്റ്റൻറ്	9544969160	09-01-2020	5.7	10,000
8.	സാബു എ.സി	സർവ്വീസ്സ്റ്റേഷൻ ഇൻ ചാർജ്	7902905146	02-10-1995	30.0	30,000
9.	അഭിലാഷ് പി.എസ്.	സർവ്വീസ്സ്റ്റേഷൻ ഹെൽപ്പർ	9645205134	20-08-2007	18.1	30,000
10.	ഷിനു തങ്കപ്പൻ	വെൽഡർ	9048908001	28-03-2016	9.5	27,300
11.	ഉല്ലാസ് പി.റ്റി.	സ്വീപ്പർ	9526949291	21-09-2018	7.0	20,800
12.	സുരേഷ് ബാബു	മെക്കാനിക്ക്/പ്ലാൻറ് ഓപ്പറേറ്റർ	9605252791	02-12-2016	8.8	26,000
13.	സജീവ് പി.കെ	മെക്കാനിക്ക്	9544779756	03-07-2017	8.2	26,000
14.	കെ.കെ.രാധാകൃഷ്ണൻ	പാച്ച് വർക്ക് കം വെൽഡർ	9544065537	21-07-2017	8.2	26,000

15.	എം.എച്ച്.എൽ/1061 ഷിബു റോയ്	അന്യസംസ്ഥാന തൊഴിലാളി	9800315652	23-03-2024	1.5	16,900
16.	എം.എച്ച്.എൽ/0883 ഷാബു റോയ്	അന്യസംസ്ഥാന തൊഴിലാളി	7029306879	20-02-2018	7.6	19,500
17.	എം.എച്ച്.എൽ/1079 സമദ്	അന്യസംസ്ഥാന തൊഴിലാളി	9339344570	28-06-2024	1.2	16,900
18.	എം.എച്ച്.എൽ/ 0373 റാബി റോയ്	അന്യസംസ്ഥാന തൊഴിലാളി	6295710768	15-01-2019	6.7	19,500
19.	എം.എച്ച്.എൽ/ 1012 സോബുജി	അന്യസംസ്ഥാന തൊഴിലാളി	7602874199	17-08-2023	2.1	18,200
20.	എം.എച്ച്.എൽ/ 0053 സഹദ് ഹുസൈൻ	അന്യസംസ്ഥാന തൊഴിലാളി	8086283190	09-07-2018	7.2	22,100
21.	എം.എച്ച്.എൽ/ 1135 എം.ഡി..നബാബ്സരീഫ്	അന്യസംസ്ഥാന തൊഴിലാളി	8637884332	20-02-2015	10.6	16,900
22.	എം.എച്ച്.എൽ/1062 മാധവ് റോയ്	അന്യസംസ്ഥാന തൊഴിലാളി	8839057212	23-03-2024	1.5	16,900
23.	എം.എച്ച്.എൽ/ മഹാസൻ അലം	അന്യസംസ്ഥാന തൊഴിലാളി	6282096018	13-10-2021	3.9	19,500
24.	എം.എച്ച്.എൽ/0774 ഇമ്രാൻ അലി	അന്യസംസ്ഥാന തൊഴിലാളി	8509818639	10-06-2021	4.3	19,500
25.	എം.എച്ച്.എൽ/ 0223 സനിറുൽ ഹാക്കു	അന്യസംസ്ഥാന തൊഴിലാളി	7560959190	23-02-2019	6.6	20,800
26.	എം.എച്ച്.എൽ/0067 സഹൻസാർ	അന്യസംസ്ഥാന തൊഴിലാളി	8250499526	11-12-2018	6.8	20,800
27.	എം.എച്ച്.എൽ/0024 സാംസൽ ഹാക്കു	അന്യസംസ്ഥാന തൊഴിലാളി	9661292267	24-07-2019	6.2	20,800
28.	എം.എച്ച്.എൽ/0068 ജമാലുദ്ദീൻ	അന്യസംസ്ഥാന തൊഴിലാളി	9048901922	01-09-2019	6.1	20,800
29.	എം.എച്ച്.എൽ/1071 വൈഷ്ണവ് റോയ്	അന്യസംസ്ഥാന തൊഴിലാളി	7908768570	09-04-2024	1.5	16,900
					ആകെ ശമ്പളം	**6,55,600** ==========

5.7 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതി പ്രദേശത്തെ രണ്ട് ലേബർ ക്വാർട്ടേഴ്സുകളിൽ താമസിച്ച് കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ താമസ സൗകര്യം താൽക്കാലികമായൊ, സ്ഥിരമായൊ നഷ്ടപ്പെടാനുള്ള സാധ്യത.

***5.8* ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പ്രസ്തുത പദ്ധതി പ്രദേശത്ത് തെങ്ങ്, പന, മാവ്, പ്ലാവ്, ബദാം, മറ്റ് ചെറു മരങ്ങൾ തുടങ്ങി ചെറുതും വലുതുമായ ഏകദേശം 57 മരങ്ങൾ നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിൻെറ ഭാഗമായി ഭൂവുടമകൾക്ക് നഷ്ടപ്പെടുന്നു.

അദ്ധ്യായം 6

സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ഛാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1. പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിലെ കുറിച്ചി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശം ആണ്. പദ്ധതി പ്രദേശം ഉൾപ്പെടുന്ന കുറിച്ചി ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധി ച്ചാൽ, ഗ്രാമ പഞ്ചായത്തിൽ 20 വാർഡുകളിലെ 8,812 കുടുംബങ്ങളിലായി 35,815 അംഗ ങ്ങൾ താമസിക്കുന്നു. ഇവരിൽ 17,502 പേർ പുരുഷന്മാരും, 18,313 പേർ സ്ത്രീകളുമാണ്. കൂടാതെ, ആകെ ജനസംഖ്യയിൽ 4628 പേർ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരും, 255 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവരുമാണ്.

പദ്ധതി പ്രദേശം ജനവാസ കേന്ദ്രമല്ല എന്നതിനാലും പ്രദേശത്ത് പദ്ധതി ബാധിത കുടുംബങ്ങൾ താമസിക്കുന്നില്ല എന്നതിനാലും ടി കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ ഇവിടെ നൽകിയിട്ടില്ല.

6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളൊന്നും തന്നെ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല. പദ്ധതി ബാധിത കുടുംബങ്ങൾ പാലാത്ര കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനം നടത്തി വരുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങളാണ് പദ്ധതി ബാധിത മാകുന്നത്. എങ്കിലും പദ്ധതി ബാധിത സ്ഥലം നിലവിൽ ബാങ്കിൽ പണയപ്പെടുത്തിയി ട്ടുണ്ട്. അതിൻെറ പലിശയിനത്തിൽ തന്നെ കുടുംബത്തിന് വലിയൊരു തുക അടക്കേണ്ടി വരുന്നുണ്ട്.

6.3. ദുർബല ജനവിഭാഗം

ബാധകമല്ല

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതിപ്രദേശം ഭൂവുടമകൾ പാലാത്ര കൺസ്ട്രക്ഷൻസിൻെറ ഓഫീസും, ലേബർ ക്വാർട്ടേഴ്സും മറ്റ് അനുബന്ധ കെട്ടിടങ്ങളും പ്രവർത്തിപ്പിക്കുന്നതിനായി ഉപയോഗിച്ച്

വരുന്നു. പാലാത്ര കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് പദ്ധതി ബാധിത കുടുംബങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം.

6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ ഒന്നും പദ്ധതി ബാധിതമാകുന്നില്ല

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

മൂന്ന് വർഷത്തിൽ അധികമായി പദ്ധതി പ്രദേശത്തെ ഓട്ടോമൊബൈൽ, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പുകളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികൾ, ഇൻറർലോക്ക് നിർമ്മാണ യൂണിറ്റിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ എന്നിവരുടെ ഉപജീവന മാർഗ്ഗം താൽക്കാലികമായോ, സ്ഥിരമായോ നഷ്ടപ്പെടാനുള്ള സാധ്യത.

6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

ബാധകമല്ല

6.8. ഭരണ സംഘടനകൾ

ഭരണ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ 1985 മുതൽ പ്രവർത്തിച്ച് വരുന്ന കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കഴിഞ്ഞ 40 വർഷമായി വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെ പരിമിത സൗകര്യങ്ങളോട് കൂടിയ ഈ സ്ഥാപനത്തിലെ കുട്ടികൾക്ക് കളിക്കാൻ ഒരു കളിസ്ഥലം പോലും ഇല്ല. സ്ഥലവും, കെട്ടിടവുമായി ബന്ധപ്പെട്ട് ന്യൂനതകൾ ഏറെയുണ്ട് എന്നതിനാൽ നിലവിൽ ഇവിടെ അഡ്മിഷൻ എടുക്കുന്നതിന് കുട്ടികൾ താൽപ്പര്യം കാണിക്കുന്നില്ല. ശാസ്ത്ര സാങ്കേതിക

മേഖലയിൽ ഭാവിയിൽ ഉണ്ടാകുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജന പ്പെടുത്തുന്ന ടെക്നിക്കൽ സ്കൂൾ എന്ന നിലയിൽ കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ നല്ല രീതിയിൽ പ്രവർത്തിക്കേണ്ടതും അതിലേക്ക് വിദ്യാർത്ഥികൾ എത്തി പ്പെടേണ്ടതും നാടിൻെറ ആവശ്യമാണ്. ആയതിനാൽ, ടി സ്കൂളിന് സ്വന്തമായി സ്ഥലവും അതിൽ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ കെട്ടിടവും അടിയന്തിര ആവശ്യമാണ്. ഇതിൻെറ അടിസ്ഥാനത്തിൽ, നാളിതുവരെ ആറോളം സ്ഥലങ്ങൾ പല ഘട്ടങ്ങളിലായി പരിഗണിക്കുകയും പല പോരായ്മകളാൽ അത് നടക്കാതെ പോകുകയും ചെയ്തിട്ടുണ്ട്.

നിലവിൽ, കുറിച്ചി വില്ലേജിൽ ചങ്ങനാശ്ശേരി-കോട്ടയം റോഡിൽ മന്ദിരം കവലക്ക് സമീപത്തായി കുറിച്ചി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2.42 ഏക്കർ സ്ഥലവും ചുറ്റുമതിലോട് കൂടിയ ടി സ്ഥലത്ത് 4394 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള രണ്ട് നില കോൺക്രീറ്റ് കെട്ടിടവും 2890 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണവും 20 അടി ഉയരവുമുള്ള ജി.ഐ. ഷീറ്റ് റൂഫ് ചെയ്തിട്ടുള്ളതുമായ ഒരു കെട്ടിടവും കുറിച്ചി ടെക്നികൽ ഹൈസ് കൂളിന് അനുയോജ്യമായി കണ്ടെത്തുകയും 10.01.2025 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 59/2025/HEDN പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

സ്കൂളിന് ആവശ്യമായ വെള്ളം, ഇലക്ട്രിസിറ്റി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം പദ്ധതി പ്രദേശത്ത് ലഭ്യമാണ്. ചങ്ങനാശ്ശേരി-കോട്ടയം എം.സി റോഡിന് സമീപത്തായാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്.

അദ്ധ്യായം 7

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതിയുടെ പ്രത്യാഘാത ദുരീകരണം 3 ഘട്ടങ്ങളായാണ് വിലയിരുത്തിയത്. ആദ്യ ഘട്ടത്തിൽ പ്രാഥമിക പഠനത്തിലൂടെ ഒരു ഭൗതിക വിലയിരുത്തൽ നടത്തി. പദ്ധതിയുടെ ആശങ്കകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും മനസ്സിലാക്കി. നിശ്ചിത ഘടനയിലുള്ള ചോദ്യാവലിയിലൂടെ പദ്ധതി ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെ കുറിച്ചും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തു.

പഠനത്തിൻെറ അടുത്ത ഘട്ടമായി 2025 സെപ്റ്റംബർ 18 തീയതിയിൽ പാലാത്ര കൺസ്ട്രക്ഷൻസിൻെറ പദ്ധതി പ്രദേശത്തുള്ള ഓഫീസ് ഹാളിൽ പകൽ 11 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം പദ്ധതി പ്രദേശം നിരീക്ഷിച്ചും, പദ്ധതി ബാധിതരും അല്ലാത്തവരുമായ വ്യക്തിക ളുമായി സംസാരിച്ചും, ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിതർക്കും ജനപ്രതിനിധികൾക്കും അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിക്ക് വേണ്ടി കുറിച്ചി ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, സൂപ്രണ്ട് കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടും, നഷ്ടപരിഹാരവുമായി ബന്ധപ്പെട്ടും ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കഴിയുന്നത്ര ആഘാതങ്ങൾ കുറയ്ക്കുന്ന വിധത്തിലാണ് അർത്ഥനാധികാരി കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ സ്ഥലമേറ്റെടുപ്പും സ്കൂൾ ഒരുക്കുന്നതും ആസൂത്രണം ചെയ്തിരിക്കുന്നത്. നിലവിലുള്ള കെട്ടിടങ്ങൾ കഴിയുന്നതും പൊളിക്കാതെ,

ആ കെട്ടിടങ്ങളെ സ്കൂളിന് ഗുണകരമാകുന്ന വിധത്തിൽ മാറ്റിയെടുക്കാനാണ് പ്ലാൻ ചെയ്യുന്നത്. എന്നിരുന്നാലും ഭൂവുടമകളേയും തൊഴിലാളികളേയും പദ്ധതി പ്രതികൂലമായി ബാധിക്കുന്നതിനാൽ അത് ദുരീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകു പ്പ് പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD, 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും നൽകുക എന്നതാണ് നിയമാനുസൃതമായ നടപടി.
- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന തൊഴിലാളികളെ വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ- പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക
- പരിസ്ഥിതിയുടെ സുസ്ഥിര നിലനിൽപ്പിനായി പദ്ധതിപ്രദേശത്തെ വൃക്ഷങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുന്നതിന് മുൻഗണന നൽകുക.
- നിലവിൽ പദ്ധതി പ്രദേശത്തുള്ളതും എന്നാൽ സ്കൂളിന് ആവശ്യമില്ലാത്തതുമായ സ്ഥിരമോ താൽക്കാലികമോ ആയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യണം.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള

സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(Ms) No.448/ 2017/RD നമ്പർ പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുന:സ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ നിർദ്ദിഷ്ട പദ്ധതിയ്ക്ക് ബാധകമാണ്.

7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കണക്കാക്കിയിട്ടുള്ള തുക ഭൂമി ഏറ്റെടുക്കൽ നടപടികൾ ക്കും സ്കൂളിനായി ഏറ്റെടുക്കുന്ന കെട്ടിടങ്ങൾക്കും കണക്കാക്കിയിരിക്കുന്നത് എന്ന് ഉത്തരവിൽ പറയുന്നു.

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

സ്കൂൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ രൂപരേഖ ലഭ്യമായിട്ടില്ല.

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തി നും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെ ടുക്കൽ നടപടികൾക്കാ യി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാ ഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകു വാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 ***സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന പ്രത്യാഘാതം	പ്രത്യാഘാത ലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	സ്ഥലം നഷ്ടമാകൽ	RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃ സ്ഥാപനത്തിനു മുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ
2	വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം	RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാ രിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാരം നൽകുക		ഭൂവുടമകളുടെ സാന്നിധ്യ ത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തു കയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക
3	ഉപജീവനമാർഗം /വരുമാനം നഷ്ടമാകൽ	RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ–പുന:സ്ഥാപന പാക്കേജ് നൽകുക		ഉപജീവനം നഷ്ടമാകുന്ന പദ്ധതിപ്രദേശത്ത് 3 വർഷ ത്തിലധികമായി തൊഴിൽ ചെയ്യുന്ന, വിശ്വസനീയമാ യ രേഖകളുള്ള തൊഴിലാ ളികൾക്കും മതിയായ രേഖകളുടെ അടിസ്ഥാന ത്തിൽ പുനരധിവാസ – പുനസ്ഥാപന പാക്കേജിന് പരിഗണന.
4	നിർമ്മാണ മാലിന്യങ്ങൾനി ർമ്മാർജനം ചെയ്യാതിരിക്ക ൽ	നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായിനിർമ്മാർജനം ചെയ്യുക	പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക	പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചി ക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബത്തിനുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തര വാദിത്തം. സർക്കാരിൻെറയും, പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള കമ്മീഷ ണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശത്തിനും നിയന്ത്രണത്തിനും വിധേയ മായി പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴി ലുള്ള പദ്ധതിയ്ക്കുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീ മിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്ന താണ്.

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് കോട്ടയം ജില്ലാ കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), കോട്ടയം ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ- പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ- പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടു

ക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരിയെ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചിക്ക് വേണ്ടി ചങ്ങനാശ്ശേരി താലൂക്കിലെ കുറിച്ചി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 ആഗസ്റ്റ് 06 തിയ്യതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം നമ്പർ DCKTM/2043/2022-G2 പ്രകാരം കോട്ടയം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

ബാധകമല്ല

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തി കളുടെ വിലയും നിർണ്ണയിക്കുകയും, ഭൂവുടമക്കും ഉപജീവനം നഷ്ടമാകുന്ന തൊഴിലാളികൾക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

അദ്ധ്യായം 10

സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിർദ്ദിഷ്ട പദ്ധതി മൂലം രണ്ട് ഭൂവുടമകൾക്കും പദ്ധതി പ്രദേശത്ത് തൊഴിൽ ചെയ്തിരുന്ന /താമസിച്ചിരുന്ന തൊഴിലാളികൾക്കുമാണ് പ്രത്യാഘാതം ഉണ്ടാകുന്നത്.. മേൽനോട്ടത്തിനും വിലയിരുത്തലിനുമുള്ള പ്രധാന സൂചികകൾ ഇവയാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2015 അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും.
- ആഘാതബാധിത കുടുംബത്തിന് നഷ്ടപരിഹാരം സമയാധിഷ്ടിതമായി നൽകുക.
- നിശ്ചയിക്കപ്പെട്ട സമയക്രമമനുസരിച്ച് പദ്ധതി നടപ്പിലാക്കൽ
- സുരക്ഷാ നടപടികളും പരിസ്ഥിതി സുരക്ഷാ നടപടികളും

10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ജില്ലാ കളക്ടർ, കോട്ടയം പദ്ധതിയുടെ പുനരധിവാസ- പുനസ്ഥാപന സ്കീമിൻെറ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), കോട്ടയം ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിൻെറ കരട് രേഖ

ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

അദ്ധ്യായം 11

നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറി ച്ചുള്ള അന്തിമ നിഗമനം

ശാസ്ത്ര സാങ്കേതിക മേഖലയിൽ ഭാവിയിൽ ഉണ്ടാകുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന ടെക്നിക്കൽ ഹൈസ്കൂളുകൾ സംരക്ഷിക്കപ്പെടേണ്ടത് നാടിൻെറ ആവശ്യവും അതോടോപ്പം സർക്കാരിൻെറ കടമയുമാണ്. കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ പ്രവർത്തിച്ച് വരുന്ന കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂൾ കഴിഞ്ഞ 40 വർഷമായി വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വളരെ ഇടുങ്ങിയതും പരിമിത സൗകര്യങ്ങളോട് കൂടിയതുമായ ഈ സ്ഥാപനത്തിലെ കുട്ടികൾക്ക് കളിക്കാൻ ഒരു കളിസ്ഥലം (Play Ground) പോലും ഇല്ല. സ്ഥലവും, കെട്ടിടവുമായി ബന്ധപ്പെട്ട് തന്നെ ന്യൂനതകൾ ഏറെയുണ്ട് എന്നതിനാൽ നിലവിൽ ഇവിടെ അഡ്മിഷൻ എടുക്കുന്നതിന് കുട്ടികൾ അധികം താൽപ്പര്യം കാണിക്കുന്നില്ല. ആയതിനാൽ, ടി സ്കൂളിന് സ്വന്തമായി സ്ഥലവും അതിൽ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ കെട്ടിടവും അടിയന്തിര ആവശ്യമാണ്.

കുറിച്ചി ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിൻെറ പുന:സ്ഥാപനത്തിനായി ഏകദേശം 0.9860 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്നത്. ടി ഭൂമി രണ്ട് വ്യക്തികളുടെ കൂട്ടുടമസ്ഥതയിലുള്ളതാണ്. പാലത്ര കൺസ്ട്രക്ഷൻസ് ഉടമകളായ പദ്ധതി ബാധിത ഭൂവുടമകൾക്ക് സ്ഥാപനത്തിൻെറ സ്ഥലവും മറ്റ് അനുബന്ധ കെട്ടിടങ്ങളും ഉൾക്കൊള്ളുന്ന ഏകദേശം 0.9860 ഹെക്ടർ സ്ഥലം നഷ്ടപ്പെടുന്നതിന് പുറമെ, ഇൻറർലോക്ക് കട്ടകൾ നിർമ്മിക്കുന്നതിനും അത് സൂക്ഷിക്കുന്നതിനും നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ജി.ഐ ഷീറ്റ് റൂഫ് കെട്ടിടം, ഓട്ടൊമൊബൈൽ വർക്ക് ഷോപ്പ്, എഞ്ചിനീയറിങ്ങ് വർക്ക് ഷോപ്പ്, രണ്ട് ലേബർ ക്വാർട്ടേഴ്സ്, ഒരു കാൻറീൻ കെട്ടിടം തുടങ്ങി സ്ഥിരവും താൽക്കാലികവുമായ ഷെഡുകൾ / കെട്ടിടങ്ങൾ, ചുറ്റുമതിൽ, രണ്ട് കിണറുകൾ (open well), മരങ്ങൾ എന്നിവ നഷ്ടപ്പെടുന്നു. എന്നിരുന്നാലും

ഉടമയ്ക്കും കുടുംബത്തിനും തങ്ങളുടെ വസ്തുവകകൾ സ്കൂളിനായി വിട്ടുനൽകുന്നതിൽ പൂർണ്ണ സമ്മതമാണ് എന്നതിനാൽ RFCTLARR .നിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാര നടപടികളിലൂടെ ഭൂവുടമയ്ക്ക് ഉണ്ടാകു വാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

11.2 ശുപാർശകൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ നിന്നും ഏകദേശം 0.9860 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, പദ്ധതി മൂലം ഭൂവുടമകൾക്കും പ്രദേശത്തെ തൊഴിലാളികൾക്കും മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിൻെറ നാടിൻെറ പുരോഗതിക്ക് കാരണമാകും എന്നതിനാൽ പദ്ധതിബാധിത ഭൂവുടമയും, വിദ്യാർത്ഥികളും പ്രദേശവാസികളും ഉൾപ്പടെ എല്ലാവർ ക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതി യിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ പദ്ധതിബാധിതർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ 3 വർഷക്കാലമായി താമസിക്കുകയോ ഉപജീവനം നടത്തുകയോ ചെയ്യുന്ന തൊഴിലാളികളെ വിശ്വസനീയമായ തെളിവിൻെറ അടിസ്ഥാനത്തിൽ പുനരധിവാസ- പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- പരിസ്ഥിതിയുടെ സുസ്ഥിര നിലനിൽപ്പിനായി പദ്ധതിപ്രദേശത്തെ വൃക്ഷങ്ങൾ കഴിയുന്നത്ര സംരക്ഷിക്കുന്നതിന് മുൻഗണന നൽകുക.
- നിലവിൽ പദ്ധതി പ്രദേശത്തുള്ളതും എന്നാൽ സ്കൂളിന് ആവശ്യമില്ലാത്തതുമായ സ്ഥിരമൊ താൽക്കാലികമൊ ആയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യണം.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതി യിലെ G.O(Ms)No. 448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള നയം
5. 2025 ആഗസ്റ്റ് 06 തീയതിയിലെ Vol.No. XIV 2875–ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ കോട്ടയം ജില്ലാ കളക്ടറുടെ 2025 ജൂലൈ 31–ാം തീയതി യിലെ വിജ്ഞാപനം നമ്പർ DCKTM/2043/2022-G2 പ്രകാരം പ്രസിദ്ധപ്പെടു ത്തിയിട്ടു ണ്ട്.